"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. ജയചന്ദ്രൻ കെ.പി, സെക്ഷൻ ഓഫീസർ (എച്ച്.ജി), പൊതുഭരണ വകുപ്പ് എന്നവരെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2645/2025/LSGD തീയതി,തിരുവനന്തപുരം, 03-11-2025

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നം. സർക്കുലർ.
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/09/2025, 25.10.2025 തീയതികളിലെ 1578/E1/2025/KSHO നമ്പർ. കത്ത്.
4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ 01.11.2025-ലെ B2/129/2025-SEC-Part(2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ. ജയചന്ദ്രൻ കെ.പി, സെക്ഷൻ ഓഫീസർ (എച്ച്.ജി), പൊതുഭരണ വകുപ്പ് എന്നവരെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജയചന്ദ്രൻ.കെ.പി, സെക്ഷൻ ഓഫീസർ (എച്ച്.ജി), പൊതുഭരണ വകുപ്പ് എന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരണാധികാരിയായി കമ്മീഷൻ വിജ്ഞാപനം ചെയ്തിട്ടുള്ളതോ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലവിൽ ചുമതല നൽകപ്പെട്ടിട്ടുള്ളതോ അല്ലെന്ന് ഉറപ്പ് വരുത്തി, കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം-1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

3. അന്യത്ര സേവനത്തിനു വിധേയനായ ഉദ്യോഗസ്ഥൻ എത്രയുംവേഗം ചാർജെടുത്തിരിക്കണമെന്ന നിബന്ധനയോടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (4) പ്രകാരം അനുമതി നല്കിയിട്ടുള്ളതിനാൽ, ടി വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. ജയചന്ദ്രൻ കെ.പി, സെക്ഷൻ ഓഫീസർ (എച്ച്.ജി), പൊതുഭരണ വകുപ്പ് (പൊതുഭരണ (സർ-ഇ)

വകുപ്പ് മുഖേന)
പൊതുഭരണ (സർ-ഇ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/281/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 03-11-2025 16:14:59
സെക്ഷൻ ഓഫീസർ